<u>15 -ാം കേരള നിയമസഭ</u>

<u>2 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4730</u> <u>11-08-2021 - ൽ മറുപടിയ്ക്ക്</u>

<u>ട്രാൻസ്ജെൻഡർ ഉദ്യോഗാർത്ഥികൾക്ക് നിയമനങ്ങളിലുള്ള സംവരണം</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. തോമസ് | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | ട്രാൻസ്ജെൻഡർ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയുള്ള നിയമനങ്ങളിൽ സംവരണം ഏർപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (എ) | (എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന സ്വീപ്പർ/ പ്യൂൺ തസ്തികകളിൽ താല്ക്കാലിക നിയമനം ലഭിക്കുന്ന ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് സ്ഥിര നിയമനം നല്കണമെന്നുള്ള വിവിധ സിബിഒ കളുടെ ആവശ്യം പരിശോധിക്കുന്നതിലേയ്ക്കായി സംസ്ഥാനത്തുള്ള ട്രാൻസ്ജെൻഡർ വ്യക്തികളുടെ ആകെ ജനസംഖ്യ, വിദ്യാഭ്യാസ യോഗ്യതയുടെ അടിസ്ഥാനത്തിലുള്ള വിവരങ്ങൾ എന്നിവ ആവശ്യമാണ്. ആയത് ലഭ്യമാകുന്നതിനായി വകുപ്പ് സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്പ്മെന്റ് മുഖേന സർവ്വേ നടത്തി വരുന്നുണ്ട്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേനയുള്ള നിയമനം പി എസ് സി യുടെ മാനദണ്ഡങ്ങൾ പ്രകാരമാണ്. പി എസ് സി മുഖേനയുള്ള നിയമനങ്ങളിൽ ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് സംവരണം നല്കുന്നത് സംബന്ധിച്ച് തീരുമാനമെടുത്താൽ മാത്രമേ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴിയുള്ള നിയമനങ്ങളിലും സംവരണം ഏർപ്പെടുത്തുവാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ